# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.05.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് പഞ്ചാബിലും കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി ഹരിയാനയിലും പ്രചാരണം നടത്തും.

   **The election campaign for the remaining phases in the country is progressing vigorously. Prime Minister Narendra Modi will campaign in Punjab and Congress leader Priyanka Gandhi in Haryana today..**

2. ആറാം ഘട്ട തെരഞ്ഞെടുപ്പിനുള്ള പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. വോട്ടെടുപ്പ് ശനിയാഴ്ച.

   **The advertisement campaign for the sixth phase of elections will end today. Voting is on Saturday.**

3. പശ്ചിമ ബംഗാളിൽ 2010 മുതൽ വിതരണം ചെയ്ത ഒബിസി സർട്ടിഫിക്കറ്റുകൾ കൽക്കട്ട ഹൈക്കോടതി റദ്ദാക്കി.

   **The Calcutta High Court canceled the OBC certificates issued in West Bengal since 2010.**

4. കേരളത്തിൽ കനത്ത മഴ തുടരുന്നു. 9 ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

   **Heavy rains continue in Kerala. Orange alert in 9 districts.**

5. ജപ്പാനിൽ നടക്കുന്ന ലോക പാരാ അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് ഷോട്ട്പുട്ടിൽ സ്വർണ്ണം. .

**India wins gold in shot put at World Para Athletics Championships in Japan.**

## ELECTION -1

ആറാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. നാളെ നിശബ്ദ പ്രചാരണമാണ്. വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ ഇന്ന് ശക്തമായ പ്രചാരണമാണ് നടത്തുന്നത്. ബീഹാർ, ജാർഖണ്ഡ്, ഒഡീഷ, ഉത്തർ പ്രദേശ്, പശ്ചിമ ബംഗാൾ, ഹരിയാന, ഡൽഹി എന്നിവിടങ്ങളിലാണ് ഈ ഘട്ടത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്നത്. ശനിയാഴ്ചയാണ് വോട്ടെടുപ്പ്.

## ELECTION - 2

തെരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പഞ്ചാബിലെ പാട്യാലയിൽ റാലിയിൽ പങ്കെടുക്കും. ഹരിയാനയിലെ ഭിവാനി മഹേന്ദ്ര ഗഡിലും അദ്ദേഹം തെരഞ്ഞെടുപ്പ് പ്രചാരണ യോഗങ്ങളിൽ സംബന്ധിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉത്തർ പ്രദേശിലെ അംബേദ്കർ നഗറിലാണ് തെരഞ്ഞെടുപ്പ് പ്രചാരണം നടത്തുക. ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നദ്ദ ഇന്ന് ഒഡീഷയിൽ തെരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും.

## ELECTION - 3

കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി ഹരിയാനയിലെ ബിർസയിൽ ഇന്ന് റോഡ് ഷോ നടത്തും. മുൻ കേന്ദ്രമന്ത്രി കുമാരി ഷെൽജ ആണ് ഇവിടെ കോൺഗ്രസ് സ്ഥാനാർത്ഥി.

## ELECTION - 4

ബീഹാറിൽ വോട്ടുറപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയാണ് രാഷ്ട്രീയ കക്ഷികൾ. ആറും ഏഴും ഘട്ടങ്ങളിൽ സംസ്ഥാനത്ത് വോട്ടെടുപ്പ് നടക്കുന്നുണ്ട്. ഉത്തർ പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യ നാഥ് അരെരാജ്, സുഗൗലി, പുർവി ചമ്പാരൻ, പശ്ചിമ ചമ്പാരൻ ലോക്സഭാ മണ്ഡലങ്ങളിലാണ് പ്രചാരണം നടത്തുന്നത്. ബിഎസ് പി അധ്യക്ഷ ബീഹാറിലെ തൻറെ ആദ്യ തെരഞ്ഞെടുപ്പ് യോഗം ഇന്ന് ബക് സറിൽ നടത്തും. ആർ ജെഡി നേതാവ് തേജസ്വി യാദവ് വൈശാലി, പുർവി ചമ്പാരൻ, ഗോപാൽ ഗഞ്ച്, പശ്ചിമ ചമ്പാരൻ എന്നിവിടങ്ങളിൽ തെരഞ്ഞെടുപ്പ് റാലികളിൽ പങ്കെടുക്കും.

## ELECTION - 5

ഒഡീഷയിൽ ആറാം ഘട്ടത്തിൽ ആറ് ലോക്സഭാ മണ്ഡലങ്ങളിലേക്കും 42 നിയമസഭാ മണ്ഡലങ്ങളിലേക്കുമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ഉത്തർ പ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യ നാഥിന് പുറമെ അസം മുഖ്യമന്ത്രി ഹിമന്ദ ബിസ്വ ശർമയും ഇന്ന് ഒഡീഷയിൽ പ്രചാരണത്തിൽ പങ്കെടുക്കുന്നുണ്ട്. സംസ്ഥാന മുഖ്യമന്ത്രി നവീൻ പട്നായിക് ബിജെഡി സ്ഥാനാർത്ഥികൾക്കായി പ്രചാരണ രംഗത്തുണ്ട്.

## ELECTION J and K

ജമ്മു കാശ്മീരിലെ അനന്ത് നാഗ് - രജൗരി ലോക്സഭ മണ്ഡലത്തിൽ ശനിയാഴ്ച നടക്കുന്ന വോട്ടെടുപ്പിൽ തീവ്രവാദ പ്രവർത്തനങ്ങൾ മൂലം നാടു വിടേണ്ടി വന്ന 27 ആയിരത്തോളം കാശ്മീരി പണ്ഡിറ്റുകൾ വോട്ട് രേഖപ്പെടുത്തുമെന്നാണ് കരുതുന്നത്. ഇവർക്ക് കൂടി വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യം ഒരുക്കുന്നതിന് ജമ്മുവിൽ 21 പോളിംഗ് സ്റ്റേഷനുകളും അനുബന്ധമായി 8 കേന്ദ്രങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഇവരിൽ ധാരാളം പേർ പോസ്റ്റൽ വോട്ടാണ് രേഖപ്പെടുത്തുന്നത്.

## CALCUTTA HC-OBC

പശ്ചിമ ബംഗാളിൽ 2010 മുതൽ നൽകിയ ഒ ബി സി സർട്ടിഫിക്കറ്റുകൾ കൽക്കട്ട ഹൈക്കോടതി റദ്ദാക്കി. സംവരണ സർട്ടിഫിക്കറ്റുകൾ നൽകുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പൊതു താൽപര്യ ഹർജി പരിഗണിക്കുകയായിരുന്നു ഹൈക്കോടതി ഡിവിഷൻ ബെഞ്ച്. 2010 ന് ശേഷം തയ്യാറാക്കിയ ഒ ബി സി പട്ടിക അനധികൃതമാണെന്ന് കോടതി നിരീക്ഷിച്ചു. 1993 ലെ പശ്ചിമ ബംഗാൾ പിന്നാക്ക വിഭാഗ നിയമം അനുസരിച്ച് പുതിയ പട്ടിക തയ്യാറാക്കാനും കൽക്കട്ട ഹൈക്കോടതി നിർദേശം നൽകി. ഒ ബി സി സർട്ടിഫിക്കറ്റുകൾ റദ്ദാക്കിയ വിധി നിലവിൽ സർവ്വീസിലുള്ളവരെ ബാധിക്കില്ലെന്നും കോടതി വ്യക്തമാക്കി.

## SPAIN SOLAR ALLIANCE (INTRO)

അന്താരാഷ്ട്ര സൗരസഖ്യത്തിലെ 99 ആം അംഗമായി സ്പെയിൻ.

ഒരു റിപ്പോർട്ട്

(വോയ്സ്)

ന്യൂഡൽഹിയിൽ വിദേശ കാര്യ ജോയിൻറ് സെക്രട്ടറി അഭിഷേക് സിംഗുമായി സ്പെയിൻ സ്ഥാനപതി ജോസ് മറിയ റിദാവോ ദോമിൻഗസ് നടത്തിയ കൂടിക്കാഴ്ചയിൽ അംഗമാകുന്നതിനുള്ള രേഖ കൈമാറി. സൗരോർജ്ജ സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗ പ്പെടുത്തുക ലക്ഷ്യമിട്ടാണ് അന്താരാഷ്ട്ര സൗരസഖ്യം രൂപീകരിച്ചത്. ഊർജ്ജ ലഭ്യത, ഊർജ്ജ സുരക്ഷ അംഗരാജ്യങ്ങളിൽ ഊർജ്ജ പരിവർത്തനം സാധ്യമാക്കുക എന്നിവയും അന്താരാഷ്ട്ര സൗര സഖ്യം ലക്ഷ്യമിടുന്നു. സൗരോർജ്ജം പ്രയോജനപ്പെടുത്തി കാലാവസ്ഥാ വ്യതിയാനത്തെ നേരിടുക എന്ന ഉദ്ദേശ്യത്തിൽ ഇന്ത്യയും ഫ്രാൻസും സംയുക്തമായാണ് സഖ്യത്തിന് തുടക്കമിട്ടത്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് 2015 ൽ പാരീസിൽ നടന്ന സമ്മേളനത്തിനിടെയാണ് അന്താരാഷ്ട്ര സൗരസഖ്യം രൂപീകരിക്കാൻ തീരുമാനിച്ചത്.

ന്യൂസ് ഡെസ്ക് ആകാശവാണി

## RAIN

സംസ്ഥാനത്ത് കനത്ത മഴ തുടരുന്നു. ഒമ്പത് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നിർദ്ദേശം നൽകി. ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, ആലപ്പുഴ, കോട്ടയം ജില്ലകളിലാണ് അതിശക്തമായ മഴ ലഭിക്കുമെന്ന് മുന്നറിയിപ്പുള്ളത്. മറ്റെല്ലാ ജില്ലകളിലും ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. തെക്കൻ കേരളത്തിന് മുകളിലായി ചക്രവാതചുഴി നിലനിൽക്കുന്നു. ഇതിൻറെ ഫലമായി സംസ്ഥാനത്ത് അടുത്ത 5 ദിവസം ഇടി മിന്നൽ, കാറ്റ് എന്നിവയോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നു കാലാവസ്ഥ വകുപ്പ് അറിയിച്ചു.

## ROUGH SEA

കേരള തീരത്ത് വിഴിഞ്ഞം മുതൽ കാസർഗോഡ് വരെ ഇന്ന് അർധാത്രി വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്ന് നിർദ്ദേശമുണ്ട്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും പ്രതീക്ഷിക്കുന്നതിനാൽ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കേരള തീരത്ത് നിന്ന് കടലിൽ പോകാൻ പാടുള്ളതല്ലെന്നും മുന്നറിയിപ്പുണ്ട്. കർണാടക, ലക്ഷദ്വീപ് തീരങ്ങളിലും മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

## AIRPORT - KKD

പ്രതികൂല കാലാവസ്ഥ കാരണം കോഴിക്കോട് വിമാനത്താവളത്തിൽ എത്തിച്ചേരേണ്ട 6 അന്താരാഷ്ട്ര സർവീസുകളും ഒരു ആഭ്യന്തര സർവീസും വൈകി. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും പുറപ്പെടേണ്ട 4 സർവീസുകളും വൈകി. ചില സർവീസുകൾ റദ്ദാക്കിയിട്ടുണ്ട്.

## PARA ATHLETICS GOLD

ജപ്പാനിൽ നടക്കുന്ന ലോക പാര അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സച്ചിൻ സർജെറാവു കിലാരി പുരുഷ ഷോട്ട്പുട്ടിൽ സ്വർണം നേടി. 16.30 മീറ്റർ ദൂരം കണ്ടെത്തി എഫ് 46 വിഭാഗത്തിൽ പുതിയ ഏഷ്യൻ റെക്കോർഡും താരം കുറിച്ചു. അതേസമയം, ഇന്നലെ നടന്ന ക്ലബ്ബ് ത്രോയിൽ ഇന്ത്യയുടെ ധരംബിർ 33.31 മീറ്റർ ദൂരം കണ്ടെത്തി വെങ്കലം നേടിയിരുന്ന എഫ് 51 വിഭാഗത്തിൽ ഇതും ഏഷ്യൻ റെക്കോർഡാണ്. ഇതോടെ 5 സ്വർണം, 4 വെള്ളി, 4 വെങ്കലം എന്നിങ്ങനെ 12 മെഡലുകളാണ് ഇന്ത്യക്കുള്ളത്.

## HOCKEY INDIA

ബെൽജിയത്തിൽ നടക്കുന്ന എഫ് ഐ എച്ച് പ്രോലീഗിൽ ഇന്ത്യൻ പുരുഷ ഹോക്കി ടീം അർജൻറീനയെ 5-4 എന്ന സ്കോറിന് പരാജയപ്പെടുത്തി. നിശ്ചിത സമയത്ത് ഇരു ടീമുകളും 2-2 എന്ന നിലയിൽ തുല്യത പാലിച്ചതിനെ തുടർന്ന് ഷൂട്ടൗട്ടിലാണ് ഇന്ത്യയുടെ ജയം. ഷൂട്ടൗട്ടിൽ ക്യാപ്റ്റൻ ഹർമൻ പ്രീത് സിംഗും സുഖ്ജിത് സിംഗും 2 തവണ ഗോൾ നേടിയപ്പോൾ അഭിഷേകാണ് മറ്റൊരു ഗോൾ നേടിയത്.

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ നടന്ന എലിമിനേറ്ററിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ തോൽപ്പിച്ച് രാജസ്ഥാൻ റോയൽസ്. അഹമ്മദാബാദിലെ നരേന്ദ്രമോദി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ 4 വിക്കറ്റിനാണ് രാജസ്ഥാൻ റോയൽസിൻറെ ജയം. രണ്ടാം ക്വാളിഫയറിൽ നാളെ രാജസ്ഥാൻ റോയൽസ് സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും.

## RAGHUNATH MURMU

സന്താലി ഭാഷയിലെ സാഹിത്യകാരൻ പണ്ഡിറ്റ് രഘുനാഥ് മുർമുവിന് ജന്മ വാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു സ്മരണാഞ്ജലി അർപ്പിച്ചു. സന്താലി ഭാഷയുടെ വികാസത്തിന് മികച്ച സംഭാവന കൾ നൽകിയ വ്യക്തിത്വമായിരുന്നു അദ്ദേഹമെന്ന് രാഷ്ട്രപതി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു. ഭാഷയുടെ സമ്പന്നമായ പൈതൃകത്തെ കുറിച്ച് അവബോധമുണ്ടാക്കാനും പണ്ഡിറ്റ് രഘുനാഥ് മുർമുവിന് കഴിഞ്ഞതായി രാഷ്ട്രപതി പറഞ്ഞു.

## BUDHA POORNIMA

രാജ്യം ഇന്ന് ബുദ്ധ പൂർണിമ ആഘോഷിക്കുന്നു. ലോകമെമ്പാടുമുള്ള ബുദ്ധ, ഹൈന്ദവ മത വിശ്വാസികൾ ഈ ദിനം ആഘോഷിക്കുന്നുണ്ട്. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ എന്നിവർ ബുദ്ധ പൂർണിമയോടനുബന്ധിച്ച് ജനങ്ങൾക്ക് ആശംസ നേർന്നു.

## SIKKIM-SAGA DAWA

ബുദ്ധമതത്തിലെ സുപ്രധാന ഉത്സവങ്ങളിൽ ഒന്നായ സാഗ ദാവ ആഘോഷിക്കുന്ന സിക്കിമിലെ ജനങ്ങൾക്ക് സിക്കിം ഗവർണ്ണർ ലക്ഷ്മൺ പ്രസാദ് ആചാര്യ ആശംസകൾ നേർന്നു. ശ്രീ ബുദ്ധൻറെ ജനനം, ജ്ഞാനോദയം, മഹാപരിനിർവാണം അഥവാ വിയോഗം എന്നിവയെ അനുസ്മരിക്കുന്ന ഏറ്റവും പവിത്രമായ ബുദ്ധ മത ഉത്സവങ്ങളിൽ ഒന്നാണ് സാഗ ദാവ. ഈ ശുഭദിനത്തിൽ സിക്കിമിലെ ജനങ്ങൾക്ക് ഊഷ്മളമായ ആശംസകൾ അറിയിച്ച ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ, നീതിയും അനുകമ്പയും മാനുഷികവുമായ ഒരു സമൂഹത്തിനായി പ്രവർത്തിക്കാൻ ഭഗവാൻ ബുദ്ധൻ എപ്പോഴും നമ്മെ പ്രചോദിപ്പി ക്കുന്നതായും കൂട്ടിച്ചേർത്തു.

## PUNE JUVENILE

പൂനെയിൽ പ്രായപൂർത്തിയാകാത്ത കുട്ടി അശ്രദ്ധമായി കാർ ഓടിച്ച് രണ്ട് യുവാക്കൾ മരിച്ച സംഭവത്തിൽ ജാമ്യം നൽകിയ തീരുമാനം ജുവനൈൽ ജസ്റ്റിസ് ബോർഡ് തിരുത്തി. കുട്ടിയെ അടുത്തമാസം 5 വരെ കൗൺസിലിംഗിനായി റിമാൻഡ് കേന്ദ്രത്തിലേക്ക് മാറ്റി. അപകടം നടന്നതിന് ശേഷം ഉടൻ തന്നെ കുട്ടിക്ക് പുതിയ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ജാമ്യം അനുവദിച്ചത് വൻ പ്രതിഷേധങ്ങൾക്ക് കാരണമായി. ഇതെ തുടർന്നാണ് തീരുമാനം പുനഃ പരിശോധിക്കാൻ ജുവനൈൽ ജസ്റ്റിസ് ബോർഡ് തീരുമാനിച്ചത്.

आकाशवाणी